മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മെയ് 24

## വാർത്താക്കുറിപ്പ്

---

# ബിരുദാന്തരദ-ബിരുദ പ്രോഗ്രാമുകൾ സംയുക്തമായി നടത്താൻ എം.ജി. - കണ്ണൂർ സർവ്വകലാശാലകൾ തമ്മിൽ ധാരണ

എം.എസ്.സി. നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി (ഫിസിക്സ് / കെമിസ്ട്രി), ഇൻഡസ്ട്രിയൽ ബയോ പ്രോസസിംഗ് പ്രത്യേക വിഷയമായുള്ള എം.എസ്.സി. ബയോടെക്നോളജി പ്രോഗ്രാമുകൾ സംയുക്തമായി നടത്തുന്നതിന് എം.ജി., കണ്ണൂർ സർവ്വകലാശാലകൾ തമ്മിൽ ധാരണയായി. മഹാത്മാഗാന്ധി സർവ്വകലാശാല ആസ്ഥാനത്ത് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രൊ-വൈസ് ചാൻസലർ പൊഫ. സി.റ്റി. അരവിന്ദകുമാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ എം.ജി. സർവ്വകലാശാല രജിസ്ട്രാർ പ്രൊഫ. പ്രകാശ് കുമാർ ബി., കണ്ണൂർ സർവ്വകലാശാല രജിസ്ട്രാർ പ്രൊഫ. ജോബി കെ.. ജോസ് എന്നിവർ ധാരണാ പത്രത്തിൽ ഒപ്പിട്ടു.

സംയുക്ത പ്രോഗ്രാമുകളിൽ ചേരുന്ന വിദ്യാർത്ഥികളുടെ അധ്യയനം, പരീക്ഷാ നടത്തിപ്പ്, സർട്ടിഫിക്കറ്റ് വിതരണം തുടങ്ങിയവ സംബന്ധിച്ച പൂർണ ഉത്തരവാദിത്വം ഇതിനായി അവർ ആദ്യമായി രജിസ്റ്റർ ചെയ്ത സർവ്വകലാശാലക്കായിരിക്കും. എന്നാൽ ഒന്നിടവിട്ട സെമസ്റ്ററുകളിൽ ഇരു സർവ്വകലാശാലകളിലെയും അധ്യയനത്തിനായി വിദ്യാർത്ഥകളെ പരസ്പരം കൈമാറുന്നതിനും ഇരു സംസ്ഥാനങ്ങളിലുമുള്ള ക്ലാസ്സ്മുറികൾ, ലാബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ പൂർണമായും വിനിയോഗിക്കുന്നതിനും ധാരണാ പത്രം വ്യവസ്ഥ ചെയ്യുന്നു.

ഈ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം ഒരു പൊതു പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും. സംയുക്ത പ്രോഗ്രാമുകൾക്ക് മാത്രമായി ഒരു പൊതു സിലബസ്സും അക്കാദമിക് കലണ്ടറും തയ്യാറാക്കാനും തീരുമാനിച്ചിട്ടുണ്ട്. തുടർ പഠനത്തിനായി തില്യതാ സർട്ടിഫിക്കറ്റുകളും ദേശീയതലത്തിലുള്ള വിവിധ മത്സരപരീക്ഷകൾക്ക് അർഹതയും ഉറപ്പാക്കുന്ന വിധത്തിൽ സിലബസ് തയ്യാറാക്കാനാണ് നർദ്ദേശിച്ചിട്ടുള്ളത്.

വിദ്യാർത്ഥി പ്രോഗ്രാമിനായി ആദ്യം രജിസ്റ്റർ ചെയ്ത സർവ്വകലാശാലക്കായിരിക്കും സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ഉത്തരവാദിത്വമെങ്കിലും കോഴ്സ് ഇരു സർവ്വകലാശാലകളും സംയുക്താടിസ്ഥാനത്തിൽ നടത്തിയിട്ടുള്ളതാണെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം രേഖപ്പെടുത്തിയിരിക്കണം.

വൈസ് ചാൻസലറുടെ ചേംബറിൽ നടന്ന ചടങ്ങിൽ കണ്ണൂർ സർവ്വകലാശാല നാനോ സയൻസ് വിഭാഗം കോ-ഓർഡിനേറ്റർ പ്രൊഫ. എസ്. സുധീഷ്, ബയോടെക്നോളജി വിഭാഗം കോ-ഒർഡിനേറ്റർ പ്രൊഫ. അനൂപ് കേശവൻ, കെമിസ്ട്രി വിഭാഗം മേധാവി ഡോ. ബൈജു കെ.വി. മഹാത്മാഗാന്ധി സർവ്വകലാശാല ബയോ സയൻസസ് വിഭാഗം മേധാവി പ്രൊഫ. എം.എസ്. ജിഷ, പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. കെ ജയചന്ദ്രൻ, നാനോ-സയൻസ്-ടെക്നോളജി വിഭാഗം പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. എ.എസ്. ശ്രീകല തുടങ്ങിയവർ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ:** സംയുക്ത കോഴ്സുകൾ നടത്തുന്നതിനുള്ള ധാരണാപത്രം ഒപ്പിട്ട ശേഷം മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് കണ്ണൂർ സർവ്വകലാശാല രജിസ്ട്രാർ പ്രൊഫ. ജോബി കെ. ജോസ് പരസ്പരം കൈമാറുന്നു.

(പി.ആർ.ഒ./39/632/2022)

## ചിൽഡ്രൻസ് ഹോമിന് ചെടിച്ചട്ടികളുമായി എം.ജി.യു. ഗ്രീൻലാബ്

മഹാത്മാഗാന്ധി സർവ്വകലാശാല ഗ്രീൻ പ്രോട്ടോക്കോളിന്റെ ഭാഗമായി നടപ്പാക്കുന്ന നിർമ്മലം എം.ജി.യു. പദ്ധതിക്കു കീഴിൽ രൂപം കൊടുത്തിട്ടുള്ള എം.ജി.യു. ഗ്രീൻ ലാബ് തയ്യാറാക്കിയിട്ടുള്ള 100 ചെടിച്ചട്ടികൾ കോട്ടയം, തിരുവഞ്ചൂരിൽ പ്രവർത്തിക്കുന്ന ഗവ. ചിൽഡ്രൻസ് ഹോമിന് കൈമാറി. ചിൽഡ്രൻസ് ഹോമിൽ നടന്ന ചടങ്ങിൽ എം.ജി. സർവ്വകലാശാല ജോയിൻ്റ് രജിസ്ട്രാർ ബാബുരാജ് എ വാര്യരാണ് പരിസ്ഥിതി സംരക്ഷണത്തിന്റെ സന്ദേശം പകർന്ന് നൽകിക്കൊണ്ട് ചിൽഡ്രൻസ് ഹോം അധികൃതർക്ക്  ചെടി നടുന്നതിന് പൂർണമായും സജ്ജമായ ചട്ടികൾ - പ്ലാന്റ് നൗ പോട്ടുകൾ - നൽകിയത്.  സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുമായി സഹകരിച്ചാണ് പരിപാടി സംഘടിപ്പിച്ചത്.

സർവ്വകലാശാല കാമ്പസിനെ മാലിന്യമുക്തവും പരിസ്ഥിതി സൗഹൃദവുമാക്കുക എന്ന ലക്ഷ്യത്തോടെ പ്ലാസ്റ്റിക് മാലിന്യങ്ങൾക്കെതിരായ ബോധവത്ക്കരണ പ്രവർത്തനങ്ങളുടെയും ഭക്ഷണാവശിഷ്ടങ്ങളുടെയും മറ്റ് ജൈവ മാലിന്യങ്ങളുടെയും സംസ്ക്കരിച്ച ജൈവ വളങ്ങളും മറ്റ് മൂല്യവർദ്ധിത ഉൽപന്നങ്ങളുമാക്കുക തുടങ്ങിയ ദൗത്യങ്ങളാണ് നിർമ്മലം എം.ജി.യു. പദ്ധതിക്ക് കീഴിൽ ഏറ്റെടുത്ത് നടത്തി വരുന്നത്.

കൃഷിയിലും ഉദ്യാനപരിപാലനത്തിലും താത്പര്യമുള്ളവർക്കായി ജൈവ വളങ്ങളും മിശ്രിതം ചെയ്ത മണ്ണ് നിറച്ച ഗ്രോബാഗുകളും ചെടിച്ചട്ടികളും ഗ്രീൻലാബിൽ നിന്ന് പരിമിതമായ വിലക്ക് ആവശ്യക്കാർക്ക് വിതരണം ചെയ്യുന്നു.  ചെടിച്ചട്ടികൾ വാങ്ങുന്നവർക്ക് ഗുണമേന്മയുള്ള തൈകളും ലഭിക്കും.

ചെടിച്ചട്ടികളും ഗ്രോബാഗുകളും ആവശ്യമുള്ളവർ 9447507380 എന്ന നമ്പറിലേക്ക് MGUGL-<ആവശ്യക്കാരന്റെ പേര്>-<മൊബൈൽ നമ്പർ> എന്ന ക്രമത്തിൽ എസ്.എം.എസ്. അയച്ചാൽ മതിയാകും.

ഡി.സി.പി.ഒ. കെ.എസ് മല്ലിക അധ്യക്ഷത വഹിച്ചു. ചിൽഡ്രൻസ് ഹോം സൂപ്രണ്ട് എൻ.ഡി മഹേശൻ, എസ്.ബി.ഐ റീജ്യണൽ മാനേജർ ബി. ബിജേഷ്, സജീവ്, ദീപ, ജിഷ്ണു തുടങ്ങിയവർ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ:** കോട്ടയം ഗവ. ചിൽഡ്രൻസ് ഹോമിന് മഹാത്മാഗാന്ധി സർവ്വകലാശാല നൽകിയ പ്ലാന്റ് നൗ പോട്ടുകൾ ജോയിന്റ് രജിസ്ട്രാർ ബാബുരാജ് എ. വാര്യർ കൈമാറുന്നു.

(പി.ആർ.ഒ./39/633/2022)

പി.സി. സുരേഷ് കുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ